യോഹ. 10:11 -18

**2023 മാർച്ച് 26**

# വചനസന്ദേശം

**ഫാ. ഡോൺ മുളവരിക്കൽ**

## നല്ല ഇടയരാകുക

1941 ഓഗസ്റ്റ് പതിനാലാം തീയതി ഹിറ്റ്ലറുടെ നാസി തടവറയിൽ ഒരു വൈദികൻ വധിക്കപ്പെട്ടു. ദിവസം തോറും ആ തടവറയിൽ പലരും വധിക്ക പ്പെടാറുണ്ട്. വധിക്കപ്പെടേണ്ടവരെ അവർ പ്രത്യേകമായിട്ട് തിരഞ്ഞെടുക്കുക യാണ് ചെയ്യുന്നത്. ആ ദിവസം തിരഞ്ഞെടുക്കപ്പെട്ടത് ഈ വൈദികൻ അല്ലാ യിരുന്നുവെങ്കിലും വധശിക്ഷയ്ക്ക് അർഹനായ തനിക്ക് പരിചയമില്ലാത്ത വേറൊരു വ്യക്തിക്ക് പകരക്കാരനാകുവാൻ ആ വൈദികൻ തീരുമാനിച്ചതാണ് അദ്ദേഹത്തെ മരണത്തിലേക്ക് നയിച്ചത്. തനിക്ക് പരിചയമില്ലാത്ത, താൻ ഇതുവരെയും കണ്ടിട്ടില്ലാത്ത, ഏതോ ഒരു വ്യക്തിക്കുവേണ്ടി സ്വന്തം ജീവിതം മരണത്തിലേക്ക് വിട്ടുകൊടുക്കുവാൻ ഈ വൈദികനെ പ്രേരിപ്പിച്ചത് എന്താ ണ്? അപരനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ല എന്നു പറഞ്ഞ ക്രിസ്തു ആയിരുന്നു ആ വൈദികന്റെ മാതൃക. ആ വൈദികനാണ് വിശുദ്ധ മാക്സ് മില്യൺ കോൾബെ. ഇന്നത്തെ സുവിശേഷം നമുക്ക് നൽകുന്ന സന്ദേശവും അതാണ്. നല്ല ഇടയൻ ആടുകൾക്കു വേണ്ടി ജീവൻ അർപ്പിക്കുന്നു. ഈശോ നമുക്ക് വേണ്ടി തന്റെ ജീവൻ കാൽവരിയിൽ അർപ്പിച്ചതു പോലെ നമ്മളും മറ്റുള്ളവർക്കു വേണ്ടി ജീവൻ അർപ്പിക്കുവാൻ തയ്യാറാകുമ്പോഴാണ് നമ്മൾ മറ്റൊരു ക്രിസ്തുവായി മാറുന്നത്.

സ്വന്തം ശരീരത്തിനും സ്വന്തം ജീവനും മാത്രം പ്രാധാന്യം കൊടുക്കുന്ന ഒരു ലോകത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഞാൻ എന്ന വ്യക്തിയുടെ നേട്ട ത്തിനും വിജയത്തിനും വേണ്ടി മറ്റുള്ളവർക്ക് എന്ത് നഷ്ടമുണ്ടാകുന്നു എന്ന് ചിന്തിക്കാത്തിടത്ത് ഈശോയുടെ വളരെ വ്യത്യസ്തമായ ഒരു ഉപമയാണ് നമ്മൾ ഇന്ന് സുവിശേഷത്തിൽ വായിച്ചു കേട്ടത്. ഒരു ആട്ടിടയന്റെയും ആടു കളുടെയും കഥയാണത്. ശത്രു ആടുകളെ ആക്രമിക്കാൻ വരുമ്പോൾ ആടു കളെ രക്ഷിച്ചുകൊണ്ട് തന്റെ ജീവൻ നഷ്ടപ്പെടുത്തുന്ന ഇടയനെ കുറിച്ചാണ് ഈശോ പറയുന്നത്. ഈ നല്ല ഇടയന്റെ ചിത്രം പറഞ്ഞുതന്ന ഈശോ തന്റെ ജീവിതത്തിലൂടെയാണ് ആ ചിത്രത്തിന് നിറം കൊടുത്തത്. ലോകത്തിൽ ഒത്തിരിയേറെ നേതാക്കൾ ഉണ്ടായിട്ടുണ്ട്. പക്ഷേ അവരാരും തങ്ങളുടെ ജീവൻ കൊടുത്തുകൊണ്ട് ലോകത്തെ രക്ഷിക്കാൻ പരിശ്രമിച്ചിട്ടില്ല. ഈശോ തന്റെ ജീവൻ കൊടുത്തു കൊണ്ടാണ് ലോകത്തെ സംരക്ഷിച്ചത്. വിശുദ്ധ അഗസ്റ്റിൻ ഈശോയെ വിശേഷിപ്പിക്കുന്നത് ഇടയന്മാരുടെ ഇടയൻ എന്നാണ്. എസക്കി യേൽ പ്രവാചകന്റെ പുസ്തകത്തിൽ ഇടയന്മാരെ കുറിച്ചുള്ള ദൈവത്തിന്റെ വാഗ്ദാനം നമുക്ക് കാണാൻ സാധിക്കും. അതിന്റെ പൂർത്തീകരണം ക്രിസ്തു വിലാണ് നിറവേറിയത്. നല്ല ഇടയൻ എപ്പോഴും എല്ലാറ്റിനെയും പടുത്തുയർ ത്തുന്നു. എന്നാൽ കള്ളന്മാർ എല്ലാം നശിപ്പിക്കുന്നു എന്നാണ് വിശുദ്ധ ക്രിസോസ്തോം പറയുന്നത്.

ഈശോ നമുക്ക് നല്ല ഇടയനായി മാറിയതു പോലെ നമ്മളും മറ്റുള്ള വർക്ക് ഇടയന്മാരായി മാറേണ്ടവരാണ്. നമ്മുടെ കുടുംബത്തിലും സമൂഹ ത്തിലും നല്ല ഇടയന്മാരായി തീരേണ്ടവരാണ് നമ്മൾ. നമ്മുടെ കുടുംബാംഗ ങ്ങളുടെ വളർച്ചയ്ക്കു വേണ്ടി, നമ്മുടെ സഹപ്രവർത്തകരുടെ ഉന്നമനത്തിനു വേണ്ടി, നാം പ്രയത്നിക്കുമ്പോൾ നമ്മൾ നല്ല ഇടയന്മാരായി തീരുകയാണ്. ഒറ്റപ്പെടുന്നവരെയും വേദനിക്കുന്നവരെയും നിരാശയിൽ കഴിയുന്നവരെയും നാം പരിഗണിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുമ്പോൾ നമ്മളും നല്ല ഇടയന്മാരായി മാറുകയാണ്. നമ്മൾ നല്ല ഇടയന്മാരായി തീരുമ്പോൾ ക്രിസ്തുവിനെപ്പോലെ ഒരുപക്ഷേ നമ്മളും മുറിവേൽപ്പിക്കപ്പെടാം. ഈ മുറിവു കളെ നല്ലയിടയനായ ഈശോയുടെ മുറിവുകളോട് ചേർത്തുവച്ചാൽ നമ്മുടെ മുറിവുകളും തിരുമുറിവുകൾ ആയി മാറും. എ